**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: *79 — 06.06.2018-ൽ മറുപടിക്ക്

## പട്ടികവർഗ്ഗ വിഭാഗക്കാരായ ഗർഭിണികളുടെയും കുട്ടികളുടെയും ആരോഗ്യ സംരക്ഷണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>,, അനിൽ അക്കര<br>,, സണ്ണി ജോസഫ്<br>,, അടൂർ പ്രകാശ് : | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗർഭിണികൾക്കും അവരുടെ കുഞ്ഞുങ്ങൾക്കും ആരോഗ്യ സംരക്ഷണത്തിനായി ആവിഷ്കരിച്ച പദ്ധതികളുടെ വിശദാംശം നൽകാമോ; | എ) | സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാരായ ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കുമായി പട്ടികവർഗ്ഗ വികസന വകുപ്പ് ജനനീ ജന്മരക്ഷ എന്ന പദ്ധതി നടപ്പാക്കി വരുന്നു. ഗർഭാവസ്ഥയുടെ 3-ാം മാസം കഴിഞ്ഞ് കുഞ്ഞിന് ഒരു വയസ്സ് തികയുംവരെ പ്രതിമാസം 1,000/- രൂപ നിരക്കിൽ പരമാവധി 18 മാസം ഗുണഭോക്താക്കൾക്ക് ധനസഹായം നൽകി വരുന്നു. ഗർഭാവസ്ഥയിലുള്ളവർക്കും മുലയൂട്ടുന്ന അമ്മമാർക്കും ആരോഗ്യ സംരക്ഷണം ഉറപ്പു വരുത്തുകയാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.<br>• അട്ടപ്പാടിയിൽ പാചകം ചെയ്ത ഭക്ഷണം നൽകുന്ന കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി, മൺസൂൺ കാലത്ത് സംസ്ഥാനത്തെ പട്ടികവർഗ്ഗ കുടുംബങ്ങളിൽ പട്ടിണി ഉണ്ടാകാതിരിക്കുന്നതിനായി ഭക്ഷ്യ സഹായ പദ്ധതി, പരമ്പരാഗത കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് മില്ലെറ്റ് വില്ലേജ് പദ്ധതി എന്നിവ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കി വരുന്നു.<br>കൂടാതെ സാമൂഹ്യനീതി വകുപ്പ്, ആരോഗ്യ വകുപ്പ് എന്നിവ മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.<br>• സാമൂഹ്യനീതി വകുപ്പിൻ കീഴിൽ അംഗൻവാടികൾ മുഖേന ഗർഭിണികൾക്കും കുട്ടികൾക്കും പ്രത്യേക പോഷകാഹാരം നൽകിവരുന്നു. പ്രീ-സ്കൂൾ കുട്ടികൾക്ക് പാൽ, മുട്ട എന്നിവയും വിതരണം ചെയ്യുന്നു.<br>• കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കായി സബല കിറ്റുകൾ വിതരണം നടത്തുന്നു. |

| | | | |
|---|---|---|---|
| | | | • പോഷകാഹാര അപര്യാപ്തതയുള്ളവരെ കണ്ടെത്തി സപ്ലിമെന്ററി ന്യൂട്രീഷൻ പ്രോഗ്രാം നടപ്പിലാക്കി വരുന്നു.<br>• കുട്ടികൾക്കായി അമൃതം ന്യൂട്രിമിക്സ് വിതരണം നടത്തുന്നു.<br>• ആരോഗ്യവകുപ്പ് മുഖേന ഗർഭിണികൾക്കും കുട്ടികൾക്കും അയൺ ഫോളിക് ആസിഡ് ഗുളികകൾ വിതരണം നടത്തുകയും ചെയ്യുന്നു. |
| ബി) | 2017-18 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതി പ്രകാരം എന്ത് തുക അനുവദിച്ചുവെന്നും അതിൽ എന്ത് തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ; | ബി) | ജനനി ജന്മരക്ഷാ പദ്ധതിയ്ക്കായി 2017-18 സാമ്പത്തിക വർഷം 15 കോടി രൂപ വകയിരുത്തിയതിൽ 12,68,39,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. |
| സി) | പ്രസ്തുത പദ്ധതി പ്രകാരം എന്തൊക്കെ ഭക്ഷ്യധാന്യങ്ങളാണ് നിലവിൽ വിതരണം ചെയ്യുന്നത് ; വ്യക്തമാക്കാമോ; | സി) | • ഭക്ഷ്യ സഹായ പദ്ധതി പ്രകാരം അരി, ചെറുപയർ/വൻപയർ, കടല, വെളിച്ചെണ്ണ എന്നിവ വിതരണം ചെയ്യുന്നു.<br>• പട്ടികവർഗ്ഗക്കാരുടെ പാരമ്പര്യ ഭക്ഷണ വിഭവങ്ങളായ റാഗി, ചാമ, ചോറ്, മുളയരിക്കഞ്ഞി, ഇലക്കറികൾ, പയറുവർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ, പച്ചക്കറികൾ, തുടങ്ങിയവ സമൂഹ അടുക്കളയുടെ ഭാഗമായി ഉപയോഗിച്ചു വരുന്നു.<br>• മില്ലറ്റ് വില്ലേജ് പദ്ധതി പ്രകാരം ചെറുധാന്യങ്ങൾ, പയർ വർഗ്ഗങ്ങൾ, എണ്ണക്കുരുക്കൾ, പച്ചക്കറി എന്നിവയുടെ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നു. |
| ഡി) | പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടും ആദിവാസി വിഭാഗത്തിൽപ്പെട്ട ഗർഭിണികളായ അമ്മമാരുടെ ഇടയിൽ പോഷകാഹാര കുറവ് മൂലമുള്ള മരണവും കുഞ്ഞുങ്ങളുടെ ഇടയിൽ തൂക്കക്കുറവ് മൂലമുള്ള മരണവും സംഭവിക്കുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | ഡി) | പരിശോധിച്ചിട്ടുണ്ട്.<br>• പോഷക ആഹാരക്കുറവ് മൂലം മരണം നടന്നിട്ടില്ല. എന്നാൽ ഉണ്ടായിട്ടുള്ള ശിശു മരണങ്ങളുടെ കാരണം വീടുകളിൽ നടന്നിരുന്ന പ്രസവം, കുടുംബത്തിൽ നിന്നും പ്രസവപരിചരണം ലഭിക്കാതിരുന്നത്, ചികിത്സാ വൈമുഖ്യം, വാഹന സൗകര്യത്തിന്റെ അഭാവം, മുലയൂട്ടുമ്പോൾ അനുഭവപ്പെട്ട ശ്വാസതടസം തുടങ്ങിയവയായിരുന്നു. സർക്കാർ വകുപ്പുകളുടെ നിരന്തര ഇടപെടൽ നിമിത്തം ഇത്തരം കാരണങ്ങൾക്ക് പരിഹാരം കണ്ടെത്തി 2013 ലെ 31-ൽ നിന്നും 2017 ൽ 2-ലേയ്ക്ക് ശിശുമരണനിരക്ക് കുറച്ചു കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്.<br>• അട്ടപ്പാടി മേഖലയിൽ ഈ വർഷം ഇതുവരെ പട്ടികവർഗ്ഗത്തിൽപ്പെട്ട 4 നവജാത ശിശുക്കൾ മരണപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കഴിഞ്ഞവർഷം ആകെ 14 മരണങ്ങളാണ് ഉണ്ടായിട്ടുള്ളത്. ഈ മരണങ്ങൾ എല്ലാം തന്നെ പോഷകാഹാരക്കുറവ് മൂലമ ല്ലെന്നും ജന്മനാലുള്ള അസുഖങ്ങൾ കാരണമാണ് സംഭവിച്ചിട്ടുള്ളതെന്നും, അട്ടപ്പാടി ട്രൈബൽ ഹെൽത്ത് നോഡൽ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ചെറുപ്രായത്തിലുള്ള വിവാഹം, രക്തബ ന്ധത്തിലുള്ളവർ തമ്മിലുള്ള വിവാഹം, തുടർച്ചയായുള്ള ഗർഭധാരണം എന്നിവ യൊക്കെ ശിശുമരണങ്ങൾക്ക് കാരണ മാകാറുണ്ട്. |
| ഇ) | പ്രസ്തുത പദ്ധതിക്ക് കേന്ദ്രസഹായം ലഭ്യമാണോ; വിശദാംശം വ്യക്തമാക്കാമോ? | ഇ) | ജനനി ജന്മരക്ഷാ പദ്ധതിയ്ക്ക് കേന്ദ്ര സഹായം ലഭ്യമല്ല. സംസ്ഥാന ബഡ്ജറ്റ് വിഹിത ത്തിൽ നിന്നാണ് ടി പദ്ധതി നടപ്പിലാക്കി വരു ന്നത്. |

സെക്ഷൻ ഓഫീസർ